# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2498** **12.06.2018 ൽ മറുപടിയ്ക്ക്**

## സർക്കാർ കെട്ടിടങ്ങളിൽ സൗരോർജ്ജ നിലയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) സർക്കാർ കെട്ടിടങ്ങളിൽ സൗരോർജ നിലയം എന്ന പദ്ധതി നടപ്പിലാക്കി തുടങ്ങിയോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ ; | (എ) സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിയ്ക്കുന്ന സൗരോർജ്ജ പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം **അനുബന്ധ**മായി ചേർത്തിരിക്കുന്നു.<br>കെ.എസ്.ഇ.ബി.എൽ വഴി കളക്ടറേറ്റുകൾ മറ്റ് സർക്കാർ കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ശൃംഖലാ ബന്ധിത സൗരോർജ്ജ മേൽക്കൂര വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതി പ്രകാരം ജില്ലാകളക്ടറേറ്റുകളിൽ ആകെ 380kWp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആകെ 1100kWp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളും സ്ഥാപിക്കാനാണ് കെ.എസ്.ഇ.ബി. ലിമിറ്റഡും അനെർട്ടും പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ കെട്ടിടങ്ങളിൽ സൗരോർജ്ജ നിലയം എന്ന പദ്ധതി നടപ്പിലാക്കാനുള്ള വിശദമായ ടെണ്ടർ രേഖകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് തയ്യാറാക്കി വരുന്നു. കേന്ദ്രമന്ത്രാലയത്തിന്റെ സഹകരണത്തോടെ സർക്കാർ ഓഫീസുകളുടെ മേൽക്കൂരയിൽ സർക്കാരിന് മുതൽ മുടക്കില്ലാതെ തന്നെ സൗരപ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) കുട്ടനാട് മണ്ഡലത്തിൽ ഏതെല്ലാം സർക്കാർ കെട്ടിടങ്ങൾ പ്രസ്തുത പദ്ധതിക്കുവേണ്ടി തെരഞ്ഞെടുത്തിട്ടുണ്ടെന്നു വിശദമാക്കാമോ ? | (ബി) കുട്ടനാട് മണ്ഡലത്തിൽ സർക്കാർ കെട്ടിടങ്ങൾ പ്രസ്തുത പദ്ധതിക്കുവേണ്ടി തെരഞ്ഞെടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിയ്ക്കുന്ന സൗരോർജ്ജ പദ്ധതികൾ

### 1. നിലവിൽ ഫണ്ട് ലഭ്യമായ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട് പീക്ക് & സ്ഥാപനങ്ങളുടെ എണ്ണം) | കരാർ തുക (ലക്ഷം രൂപയിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ | 0.48 & 44 | 330.18 | ജോലികൾ പുരോഗമിക്കുന്നു |
| 2 | കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ | 0.67 & 29 | 512.50 | ജോലികൾ പുരോഗമിക്കുന്നു |
| 3 | തെക്കൻമേഖലയിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടേയും കെട്ടിടങ്ങളുടെ മുകളിൽ | 0.0575 & 4 | 40.595 | ജോലികൾ പുരോഗമിക്കുന്നു |
| 4 | മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ | 0.11 & 11 | 73.39 | കരാർ ഒപ്പു വച്ചു |
| 5 | കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ | 0.195 (ഒന്നാംഘട്ടം) & 3 (രണ്ടാംഘട്ടം) | 173.22<br>231.87 | വർക്ക് ഓർഡർ നൽകി<br>ടെക്കനിക്കൽ ബിഡ് തുറന്നു |
| 6 | കൊല്ലം ജില്ലാ പഞ്ചായത്ത് | 0.09 & 4 | 65 | ദർഘാസ് നടപടികൾ നടന്ന് കൊണ്ടിരിയ്ക്കുന്നു |
| 7 | ആറ്റിങ്ങൽ മുൻസിപ്പാലിറ്റി രണ്ടാം ഘട്ടം<br>മൂന്നാം ഘട്ടം | 0.021 & 2<br>0.056 & 2 | 15.2<br>42.71 | ദർഘാസ് നടപടികൾ നടന്ന് കൊണ്ടിരിയ്ക്കുന്നു<br>ഡി.പി.ആർ പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 8 | കോട്ടയം ജില്ലാ പഞ്ചായത്ത് | 0.022 & 1 | 15.9 | ദർഘാസ് നടപടികൾ നടന്ന് കൊണ്ടിരിയ്ക്കുന്നു |
| | **ആകെ** | **2.0365** | **1500.57** | |

**2.ഫണ്ട് ലഭ്യമാകാത്ത പദ്ധതികൾ**

| നം | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാവാട്ട്പീക്ക & സ്ഥാപനങ്ങളുടെ എണ്ണം ) | കരാർ തുക (ലക്ഷം രൂപയിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കളക്ടറേറ്റ് (9 കെട്ടിടങ്ങൾ) | 0.168 & 9 | 131.41 | ഡി.പി.ആർ അനർട്ടിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ദർഘാസ് ചെയ്യുന്നതാണ്. |
| 2 | മെഡിക്കൽ കോളേജ്, തിരുവനന്തപുരം (അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ) | 1.5 & 1 | 860 | ഡി.പി.ആർ അനർട്ടിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ദർഘാസ് ചെയ്യുന്നതാണ്. |
| 3 | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 0.250 & 8 | 200 | ഡി.പി.ആർ ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ദർഘാസ് ചെയ്യുന്നതാണ്. |
| 4 | എറണാകുളം ജില്ലാ പഞ്ചായത്ത് | 0.130 & 13 | 100 | ഡി.പി.ആർ ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ദർഘാസ് ചെയ്യുന്നതാണ്. |
| 5 | കിൻഫ്രാ പാർക്ക് തലശ്ശേരി | 0.130 & 2 | 93 | ഡി.പി.ആർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ദർഘാസ് ചെയ്യുന്നതാണ്. |
| 6 | സെന്റ്ജോൺസ് ഹയർസെക്കന്ററി സ്കൂൾ, കുത്താട്ടുകുളം | 0.100 & 1 | 75 | ഡി.പി.ആർ അനർട്ടിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ദർഘാസ് ചെയ്യുന്നതാണ്. |
| | **ആകെ** | **2.278** | **1709.41** | |

സെക്ഷൻ ഓഫീസർ